# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1526.

12-06-2019 ൽ മറുപടിയ്ക്ക്

## ഇടക്കൊച്ചി വില്ലേജിലെ ചെട്ടിപാടം പാടശേഖരം

**ചോദ്യം**

ശ്രീ.ജോൺ ഫെർണാണ്ടസ്

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | എറണാകുളം ജില്ലയിലെ ഇടക്കൊച്ചി വില്ലേജിൽ വർഷങ്ങളോളം കൃഷി ചെയ്തിരുന്ന മൂന്ന് ഏക്കറോളം വരുന്ന ചെട്ടിപാടം പാടശേഖ-രത്തിൽ കണ്ടൽക്കാടുകളും കളച്ചെടികളും പടർന്നുപിടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇവിടെ കൃഷി ഇറക്കുന്ന കാര്യം നിരവധി തവണ ശ്രദ്ധയിൽപ്പെടുത്തിയിട്ടും യാതൊരു നടപടിയും സ്വീകരിക്കാത്തതിന് കാരണം വിശദമാക്കാമോ? | (ബി) | ചെട്ടിപ്പാടം പാടശേഖരത്തിൽ കൃഷിയിറക്കുന്നതിനുവേണ്ടി കൊച്ചിൻ കോർപ്പറേഷൻ കൃഷിഭവൻ നിരവധി ശ്രമങ്ങൾ നടത്തിയിരുന്നു. പലതവണ പാടശേഖരസമിതി വിളിച്ച് കൂട്ടാൻ ശ്രമിച്ചെങ്കിലും, കർഷകരുടെ ഭാഗത്തുനിന്നും യാതൊരു വിധ അനുകൂല നിലപാടുകളും ലഭിക്കാത്തതുമൂലം കൃഷിയിറക്കുന്നതിനുള്ള ശ്രമം ഫലവത്തായില്ല.<br>കൊച്ചി കോർപ്പറേഷൻ എറണാകുളം ജില്ലയിലെ ചെട്ടിപ്പാടം പാടശേഖരത്തിൽ പൊക്കാളികൃഷി ഇറക്കുന്നതിനു വെള്ളം വറ്റിക്കാൻ പെട്ടിയും പറയും സ്ഥാപിക്കുവാൻ 2017-18 വാർഷിക പദ്ധതിയിൽ 3 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ആ തുക പെട്ടിയും പറയും സ്ഥാപിക്കുവാൻ മതിയാകാത്തത് കാരണം 2018-19 ൽ 6 ലക്ഷം രൂപ വകയിരുത്തുകയും, ആയതിനു ടെണ്ടർ ക്ഷണിക്കുകയും, 5 ലക്ഷം രൂപയ്ക്ക് ടെണ്ടർ ഉറപ്പിക്കുകയും ചെയ്തു. കൊച്ചിൻ കോർപ്പറേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ ആയിരുന്നു നിർവ്വഹണ ഉദ്യോഗസ്ഥ. എന്നാൽ, കർഷകർ സഹകരിക്കാത്തതു കാരണം നാളിതുവരെ ആയത് സ്ഥാപിക്കാൻ കഴിഞ്ഞിട്ടില്ല. പെട്ടിയും പറയും സ്ഥാപിച്ച് വെള്ളം വറ്റിച്ചാൽ മാത്രമേ ആ പാടശേഖരത്തിൽ കൃഷി ഇറക്കാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ